LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എ. പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ബ്ലോക്ക് റിസോഴ്സ് പേഴ്സൺസ്

173 [756] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. ബി. വിജയകുമാർ:
,, *കെ. ബാബു:*
,, *കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് എത്ര ബ്ലോക്ക് റിസോഴ്സ് പേഴ്സൺസ് ആണ് ഉണ്ടായിരിക്കേണ്ടത്;

(ബി) ഇപ്പോൾ ഉള്ള ഈ വിഭാഗം ഉദ്യോഗസ്ഥൻമാരുടെ എണ്ണം എത്രയാണ്;

(സി) ഈ വിഭാഗം ഉദ്യോഗസ്ഥൻമാർക്ക് എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ഡി) ഒരാനുകൂല്യവും നൽകാത്തപക്ഷം അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) 1520 പേർ.

(ബി) 1040 പേർ.

(സി) പ്രത്യേകമായി ഒരു ആനുകൂല്യവും നൽകുന്നില്ല.

(ഡി) എസ്. എസ്. എ. പദ്ധതിപ്രകാരം പ്രത്യേക ആനുകൂല്യം നൽകാൻ വ്യവസ്ഥയില്ല. സർക്കാർ നിയമമനുസരിച്ച് ഡെപ്യൂട്ടേഷൻ അലവൻസ് നൽകാനും വ്യവസ്ഥയില്ല.

പുതിയ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ

174 [757] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ടെക്നിക്കൽ സ്കൂളുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

(ബി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിൽ ടെക്നിക്കൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരുന്നു. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ

175 [758] *ഡോ. തോമസ് ഐസക്:*
ശ്രീ. വി. കെ. സി. മമ്മത്കോയ:
,, *എം. പ്രകാശൻ മാസ്റ്റർ:*
,, *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര സ്കൂളുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതുമൂലം ഏറ്റെടുക്കേണ്ടിവരുന്ന സാമ്പത്തികബാദ്ധ്യത എത്ര;

(സി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനായി കേന്ദ്രത്തിൽനിന്നും എന്തു തുക ലഭിച്ചിട്ടുണ്ട്;

(ഡി) എത്ര സ്കൂളുകൾ ആരംഭിക്കുന്നതിനാണ് കേന്ദ്രം തുക നൽകിയത്;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 100 പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) പ്രതിവർഷം ഏകദേശം 11 കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുമെന്ന് കണക്കാക്കുന്നു.

(സി) 18.25 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) 100 പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും 200 അധിക ബാച്ചുകളും അനുവദിക്കുന്നതിനാണ് കേന്ദ്രസഹായം ലഭിച്ചിരിക്കുന്നത്.

(ഇ) ഇപ്പോൾ 375 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly